ദീപിക
THE FIRST MALAYALAM DAILY ESTD 1887

Sep 2, 2016

# ഐസിഎആർ ദക്ഷിണമേഖല സ്പോർട്സ് മീറ്റ്: സിഎംഎഫ്ആർഐ ഓവറോൾ ചാമ്പ്യൻ

**കൊച്ചി:** ഹൈദരാബാദിൽ നടന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ദക്ഷിണ മേഖല സ്പോർട്സ് മീറ്റിൽ കൊച്ചി ആസ്ഥാനമായ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഓവറോൾ ചാമ്പ്യൻമാരായി. ഹൈദരാബാദ് ആസ്ഥാനമായ നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ റിസർച്ച് മാനേജ്മെന്റ് സംഘടിപ്പിച്ച മീറ്റിൽ ഐസിഎആറിന് കീഴിലുള്ള 25 ഗവേഷണ സ്ഥാപനങ്ങളിൽനിന്നായി 685 പേരാണു പങ്കെടുത്തത്.

കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന എന്നി സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളാണിവ. 38 മത്സരയിനങ്ങളിൽ നിന്ന് 77 പോയിന്റ് നേടിയാണു ദക്ഷിണമേഖല സ്പോർട്സ് മീറ്റിൽ തുടർച്ചയായ രണ്ടാം തവണയും സിഎംഎഫ്ആർഐ ചാമ്പ്യൻമാരായത്. 72 പോയിന്റ് കരസ്ഥമാക്കിയ ബംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ചിന് (ഐഐഎച്ച്ആർ) ആണു രണ്ടാംസ്ഥാനം.



ഹൈദരാബാദിൽ നടന്ന ഐസിഎആർ ദക്ഷിണമേഖല സ്പോർട്സ് മീറ്റിൽ ഓവറോൾ ചാമ്പ്യൻമാരായ സിഎംഎഫ്ആർഐ ടീം അംഗങ്ങൾ ട്രോഫിയുമായി.

സിഎംഎഫ്ആർഐക്കു വേണ്ടി വിവിധ സെന്ററുകളിൽനിന്നായി 51 പേർ സ്പോർട്സ് മീറ്റിൽ പങ്കെടുത്തു.

ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ സിംഗിൾസ്, ബാഡ്മിന്റൺ ഡബിൾസ്, സൈക്ലിംഗ്, 4-100 മീറ്റർ റിലേ, ഹൈജംപ് എന്നി മത്സരയിനങ്ങളിൽ സിഎംഎഫ്ആർഐ ഒന്നാം സ്ഥാനം നേടി...